2015 വർഷത്തിൽ ഒക്ടോബർ മാസംവരെ എക്സൈസ് വകുപ്പ് 14,132 അബ്കാരി/എൻ.ഡി.പി.എസ്. കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ടി കേസ്സുകളിലായി 13,626 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി കേസ്സുകളിലായി 15,391 ലിറ്റർ സ്പിരിറ്റ്, 29, 098 ലിറ്റർ ഐ.എം.എഫ്.എൽ., 2694 ലിറ്റർ ചാരായം, 8452 ലിറ്റർ കള്ള്, 13,238 ലിറ്റർ അരിഷ്ടം, 1,63,048 ലിറ്റർ വാഷ്, 677.15 കി.ഗ്രാം കഞ്ചാവ്, കേസ്സിലുൾപ്പെട്ട 613 വാഹനങ്ങൾ എന്നിവ കണ്ടെടുത്തിട്ടുണ്ട്.

(ഡി) എക്സൈസ് വകുപ്പിന്റെ കണക്കുകൾ പ്രകാരം കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻവഴി വിറ്റഴിക്കപ്പെടുന്ന മദ്യത്തിന്റെ ഡ്യൂട്ടിയും മറ്റ് വരുമാനവുമാണ് നികുതി വരുമാനമായി കണക്കാക്കപ്പെടുന്നത്. അനധികൃതമായി വിൽക്കപ്പെടുന്നമദ്യത്തിൽ ഏറിയപങ്കും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തിന്റെ ഭാഗമായി കണ്ടുപിടിച്ച് അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്.

ഓപ്പറേഷൻ കുബേര

4 (*154) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനില്ക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തിൽ പോലീസിന്റെ ഭാഗത്തുനിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബ്ലേഡ് മാഫിയയ്ക്കും,അതിന് ഒത്താശചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കുമെതിരെ ശക്തവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) ഓപ്പറേഷൻ കുബേര നടപടിയെ അതിജീവിച്ചും ബ്ലേഡ് മാഫിയ പ്രവർത്തനം നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അംഗീകൃത പണമിടപാട് സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്നതിന് നടപടി ക്രമങ്ങൾമൂലം ഉണ്ടാകുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാലതാമസവും അത്യാവശ്യ ഘട്ടങ്ങളിൽ പ്രത്യേകിച്ച് വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കും മറ്റും പ്രസ്തുത സ്ഥാപനങ്ങളിൽനിന്നും സമയത്തിന് വായ്പ ലഭിക്കാത്ത അവസരത്തിലും, തക്ക സമയത്ത് ആവശ്യമായ പണം ബ്ലേഡ്കാരിൽ നിന്നും ലഭിക്കുമെന്നതിനാൽ ഭാവിയിലുള്ള ഭവിഷ്യത്തുകളെക്കുറിച്ച് ചിന്തിക്കാതെ രഹസ്യമായി ബ്ലേഡ് മാഫിയകളിൽനിന്നും വായ്പ കൈപ്പറ്റുകയും, തിരിച്ചടയ്ക്കാൻ കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ മാത്രം വായ്പയെക്കുറിച്ച് പരസ്യമാക്കുകയും ചെയ്യുന്ന പ്രവണത ജനങ്ങളിൽ നിലനിൽക്കുന്നതിനാൽ ബ്ലേഡ് മാഫിയകളെ തുടക്കത്തിൽത്തന്നെ കണ്ടെത്താൻ സാധിക്കാതെ വരുന്നുണ്ട്.

(ബി) പോലീസിന്റെ ഭാഗത്തുനിന്നും ബ്ലേഡ് മാഫിയയെ സഹായിക്കാനുള്ള പരോക്ഷ നടപടികൾ ഉണ്ടായിട്ടുള്ളതായ ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് രണ്ട് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും, രണ്ട് പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുള്ളതുമാകുന്നു. ബ്ലേഡ് മാഫിയ പ്രവർത്തനങ്ങളെ കർശനമായി നിരീക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഓപ്പറേഷൻ കുബേരയുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാനായി ലോക്കൽ പോലീസിലെയും, ക്രൈംബ്രാഞ്ചിലെയും എസ്.പി.-മാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ടെയിനിംഗ് നൽകുവാനും അതുവഴി പോലീസുദ്യോഗസ്ഥരെ ബ്ലേഡ് മാഫിയ രംഗത്ത് കൂടുതൽ ജാഗരൂകരാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഇതുമായി ബന്ധപ്പെട്ട് നടത്തിയ റെയ്ഡുകൾ, രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ, ചാർജ്ജ്ഷീറ്റ് സമർപ്പിക്കപ്പെട്ട കേസ്സുകൾ, അറസ്റ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം, പിടിച്ചെടുത്ത തുക തുടങ്ങിയ വിവരങ്ങൾ സമയബന്ധിതമായി അവലോകനം ചെയ്യുവരുന്നുണ്ട്. ബ്ലേഡ് മാഫിയ റെയ്ഡുമായി ബന്ധപ്പെട്ട് 11-5-2014 മുതൽ 1-12-2015 രാവിലെ 6.00 മണിവരെ 14156 റെയ്ഡുകൾ നടത്തുകയും, 3238 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 2133 പ്രതികളെ അറസ്റ്റ് ചെയ്യുകയും 4,66,34,615 രൂപ കണ്ടെടുക്കുകയും ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബ്ലേഡ് മാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിക്കുന്നതാണ്. അതിന് പോലീസ് ഉദ്യോഗസ്ഥരാരെങ്കിലും ഒത്താശ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അത്തരക്കാർക്കെതിരെ ശക്തവും, ഫലപ്രദവുമായ നിയമ നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly